പവർ കട്ട്

*52 [52] ശ്രീ. എ. കെ. പത്മനാഭൻ:

,, കെ. ശങ്കരനാരായണപിള്ള:

,, വി. സി. കബീർ:

,, സി. വാസുദേവമേനോൻ:

,, ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം മേഖലകളിലെ വൈദ്യുതി വിതരണത്തിനാണ് പവർകട്ട് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതു എത്ര ശതമാനം വീതമാണെന്നു വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ അനാസ്ഥ മൂലമാണ് ഇപ്പോൾ പവർകട്ട് ഏർപ്പെടുത്തേണ്ടിവന്നതെന്നറിയുന്നത് ശരിയാണോ?

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ, ബി) എല്ലാ ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കൾക്കും 100% പവർകട്ട് ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

1. ഡിഫൻസ് സ്ഥാപനങ്ങൾ
2. ആൾ ഇൻഡ്യാ റേഡിയോ
3. ദൂരദർശൻ
4. ടെലഗ്രാഫ്, ടെലഫോൺ ഓഫീസുകൾ
5. ദിനപ്പത്രങ്ങൾ അച്ചടിക്കുന്ന പ്രസ്സുകൾ,
6. വിമാനത്താവളങ്ങൾ
7. തുറമുഖങ്ങളും അതിനോടു ബന്ധപ്പെട്ട സ്ഥാപനങ്ങളും
8. റെയിൽവേ
9. റിസർവ്വ് ബാങ്ക്, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ആഫീസുകൾ
10. വാട്ടർ വർക്സും സീവേജ് പമ്പിംഗ് പ്ലാൻറുകളും
11. ആശുപത്രികൾ
12. മെഡിക്കൽ കോളേജുകൾ, ഇഞ്ചിനീയറിംഗ് കോളേജുകൾ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ
13. കാർഷികാവശ്യത്തിനുള്ള കണക്ഷനുകൾ
14. ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ, തുമ്പ
15. ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട ജോലികൾ
16. ഓയിൽ റിഫൈനറികളും, പെട്രോൾ ഉല്പന്നങ്ങളുടെ സംഭരണ/വിതരണ സ്ഥാപനങ്ങളും
17. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെൻറ് ആൻറ് മിൽക്ക് മാർക്കറ്റിംഗ് ബോർഡിനു കീഴിലുള്ള ഡയറികൾ

LIBRARY ARCHIVES Kerala Legislative Assembly

100 ശതമാനം പവർകട്ട് ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക്, 198 ജനുവരി മുതൽ മേയ് വരെ പ്രതിമാസം ഉപയോഗിച്ച ശരാശരി വൈദ്യുതിയുടെ 5 ശതമാനംവരെ, അത്യാവശ്യ ഒലെറ്റിംഗിനായി ഉപയോഗിക്കാവുന്നതാണ്.

കടകമ്പോളങ്ങൾക്ക് രാത്രി 8 മണിയ്ക്കുശേഷം വൈദ്യുതി ലഭ്യമായിരിക്കുകയില്ല.

ദീപാലങ്കാരങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കാൻ പാടില്ല.

ലോ ടെൻഷൻ വൈദ്യുത കണക്ഷൻ നൽകിയിട്ടുള്ള സിനിമാ തിയേറ്ററുകൾ ദിവസം ഒരു ഷോ മാത്രമേ നടത്താൻ പാടുള്ളൂ.

ലോ ടെൻഷൻ വ്യാവസായിക ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ഉപയോഗം, 1986 ജനുവരി മുതൽ മേയ് വരെയുള്ള മാസങ്ങളിലെ ശരാശരി ഉപയോഗത്തിൽ കവിയാൻ പാടില്ല. കൂടാതെ പകൽ സമയങ്ങളിൽ അവശ്യ സർവ്വീസുകളിൽ ഒഴിച്ച് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കാലവർഷം വൈകിയതുകൊണ്ട് ജലസംഭരണികളിൽ ശേഖരിച്ചിരുന്ന വെള്ളത്തിന്റെ അളവു വളരെ കുറയുകയും അതു അത്യാവശ്യകാര്യങ്ങൾക്കുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി റിസർവ്വു ചെയ്യേണ്ടി വരികയും കാരണമാണ് പവർകട്ട് വേണ്ടിവന്നത്.

ഇലക്ട്രിസിറ്റി ഡിവിഷൻ ഓഫീസുകളും സെക്ഷൻ ഓഫീസുകളും അനുവദിക്കാനുള്ള മാനദണ്ഡം

*53 [53] ശ്രീ. എ.സി. ജോസ്:

,, പന്തളം സുധാകരൻ:

,, കെ. കെ തോമസ്:

കെ. എസ്. നാരായണൻ നമ്പൂതിരി:

,, കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിവിഷണൽ ഓഫീസുകളും സെക്ഷൻ ഓഫീസുകളും അനുവദിക്കാനുള്ള മാനദണ്ഡം എന്താണ്?

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

ഡിവിഷനാഫീസുകൾക്കും സെക്ഷനാഫീസുകൾക്കും ഉപഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഉപഭോക്താക്കൾക്കു മെച്ചപ്പെട്ട സേവനം നല്കുന്നതിനും ഭരണപരമായ സൗകര്യത്തിനും വേണ്ടിയാണ് പുതിയതായി സെക്ഷനാഫീസുകളും ഡിവിഷനാഫീസുകളും അനുവദിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly